DESPATCHED On..31.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No. 233(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 3486/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ. കെ. പുഷ്പസേനൻ,
ജോനകനഴികം വീട്,
കരിക്കോട്, റ്റി.കെ.എം.സി. പി.ഒ.,
കൊല്ലം. } പരാതിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
റവന്യൂ വിഭാഗം,
മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കൊല്ലം – 691 001. } എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 29.11.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | .......... |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 02.03.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ടിയാന്റെ വീടിനെ പൂർണ്ണമായി മറച്ചുകൊണ്ട് മാർഗ്ഗ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടു ം ലോക കപ്പ് ഫുട്ബോൾ മത്സരത്തിന്റെ കൂറ്റൻ ബോർഡ് സ്ഥാപിച്ചു എന്നും, കളി കഴിഞ്ഞിട്ടും ബോർഡ് നീക്കാത്തതിനെ തുടർന്ന് കിളികൊല്ലൂർ എസ്.എച്ച്.ഒ. ക്ക് പരാതി നൽകി എന്നും, എന്നാൽ അടുത്ത ദിവസം പ്രസ്തുത ബോർഡ് മാറ്റി ബസ് വിവര പട്ടികയാക്കി മാറ്റി എന്നും, തുടർന്ന് എസ്.എച്ച്.ഒ. ക്ക് വീണ്ടും പരാതി നൽകി എന്നും, എന്നാൽ ബോർഡ് നീക്കം ചെയ്തിട്ടില്ല എന്നും, പ്രസ്തുത ബോർഡ് നീക്കം ചെയ്യണമെന്നുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പരാതിക്കാരന്റെ 29.11.2018 ൽ ലഭിച്ച വിവരാവകാശ അപേക്ഷയിന്മേൽ മറുപടി നൽകിയതായി കാണുന്നില്ല എന്നും 11.01.2019 ൽ സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി തയ്യാറാക്കി നഗരസഭാ പരിധിയിലുള്ള മേൽവിലാസമാകയാലും ടി വിലാസക്കാരൻ അവിടെ താമസമുള്ളതിനാലും മറുപടി നേരിൽ കൊടുത്തയയ്ക്കുകയും രണ്ട് തവണ ടി സ്ഥലത്ത് പോയതായും എന്നാൽ ടി കെട്ടിടം പൂട്ടി കിടക്കുന്നുവെന്നും ഓഫീസ് അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്തിരുന്നു എന്നുമാണ്. കൂടാതെ നഗരസഭയുടെ അന്വേഷണത്തിൽ ടി കെട്ടിടം പൂട്ടിക്കിടക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ് എന്നുകൂടി അറിയിച്ചു.

3. പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിക്കുമ്പോൾ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല എന്ന് വ്യക്തം. വിവരാവകാശ നിയമം 6(1) പ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാതിരിക്കുകയും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഉണ്ടായി. എന്നിരുന്നാലും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. വിവരാവകാശ നിയമപ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒ.യുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ പരാതിക്കാരന് Registered with AD യിൽ സൗജന്യമായി അയച്ചു

നൽകേണ്ടതാണ്. ടിയാന്റെ വീടിനെ പൂർണ്ണമായും മറയ്ക്കുന്ന തരത്തിൽ ആണ് ബോർഡ് പ്രദർശിപ്പിച്ചിട്ടുള്ളത് എങ്കിൽ ആയത് പരിശോധിച്ച് ബോർഡ് മാറ്റുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു.

5. ഇപ്രകാരം ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31 –ാം തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**